അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ കോട്ട

54 [1951] ശ്രീ. എം.എ. അസീസ്:
,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ റേഷൻ വിതരണത്തിന് ഇക്കൊല്ലം ഓരോ മാസത്തേയ്ക്കും അനുവദിച്ച അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ ഇവ എത്രവീതം എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

സംസ്ഥാനത്തെ റേഷൻ വിതരണത്തിന് 2004 ജനുവരി മുതൽ 2005 ഫെബ്രുവരി വരെ ഓരോ മാസത്തേക്കും കേന്ദ്രസർക്കാർ അനുവദിച്ച അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ അളവ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ഭക്ഷ്യ സ്വയം പര്യാപ്തത

55 [1952] ശ്രീ. രാജു എബ്രഹാം :
,, വി. കെ. സി. മമ്മത്കോയ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അരിയുടെ ആഭ്യന്തര ലഭ്യതയും സംസ്ഥാനത്തിന് പുറത്തുനിന്നുള്ള അരിയുടെ വാങ്ങൽ സംബന്ധമായ കണക്കുകളും വിശദമാക്കാമോ ;

(ബി) പൊതുവിതരണ ശൃംഖലയിലൂടെയും അല്ലാതെയും വിതരണം ചെയ്യുന്നതിന് സംസ്ഥാനത്തിന് പുറത്തുനിന്നും എത്ര ടൺ അരിയാണ് കേരളത്തിലെത്തുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ;

(സി) അന്യ സംസ്ഥാനങ്ങളിൽ നിന്നും അരി വാങ്ങാതെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന നെല്ല് സിവിൽസപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുത്ത് അരിയാക്കി വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ അരിയുടെ ആഭ്യന്തര ലഭ്യത 2003-04 കാലയളവിൽ 570045 മെ. ടൺ ആണ്. സംസ്ഥാനത്തിന് പുറത്തുനിന്ന് സർക്കാർ പൊതുവിതരണ ശൃംഖലയിൽകൂടി വിതരണം ചെയ്യുന്നതിന് എഫ്.സി.ഐ. മുഖേന ലഭ്യമാക്കുന്ന അരി അല്ലാതെ മറ്റ് വിധത്തിൽ അരി വാങ്ങാറില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly